# കേരള സർവകലാശാല

നം.പി.ആർ.183/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) മേയ് 2019 (സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ ബ്രാഞ്ച് ആഗസ്റ്റ് 26, 27 തീയതികളിൽ മരിയൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കഴക്കൂട്ടം, തിരുവനന്തപുരത്തും സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് സെപ്റ്റംബർ 3, 5 തീയതികളിൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം ആഗസ്റ്റ് 29 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എൽ.ഐ.എസ്.സി (2017 അഡ്മിഷൻ) 'LISM 54 -ഇൻഫർമേഷൻ ടെക്നോളജി ആപ്ലിക്കേഷൻസ്' പ്രാക്ടിക്കൽ സെപ്റ്റംബർ 2 ന് നടത്തുന്നതാണ്. ആഗസ്റ്റ് 30 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എൽ.ഐ.എസ്.സി (2017 അഡ്മിഷൻ) 'LISM 58 - ഡിസർട്ടേഷൻ ആന്റ് വൈവാ – വോസി' പരീക്ഷ മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

അഞ്ചാം സെമസ്റ്റർ ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ ബ്രാഞ്ചിന്റെ (2008 സ്കീം) "കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ലാബ്", "ഡിജിറ്റൽ സിഗ്നൽ പ്രോസസിംഗ് ലാബ്" എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 27 ന് ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാപ്പനംകോട്, തിരുവനന്തപുരത്തും, ഓട്ടോമൊബൈൽ ബ്രാഞ്ചിന്റെ (2013 സ്കീം) "ഫ്ളൂയിഡ് മെക്കാനിക്സ് ആന്റ് മെഷീൻസ് ലാബ്" കെമിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ (2013 സ്കീം) "ഫ്ളൂയിഡ് മെക്കാനിക്സ് ലാബ്" എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 27 നും മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് ലാബ്" (2008, 2013 സ്കീമുകൾ) പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 30 നും കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരത്തും നടക്കുന്നതാണ്. ആഗസ്റ്റ് 9 ൽ നടത്താനിരുന്ന മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ലാബ്" (2008 സ്കീം) പരീക്ഷകളുടെ പുതുക്കിയ തീയതി ആഗസ്റ്റ് 30. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല. പ്രസ്തുത പരീക്ഷയ്ക്കു ട്രാൻസിറ്ററിയായി രജിസ്റ്റർ ചെയ്തിട്ടുള്ളവർ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം സെന്ററിൽ പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ഗ്രൂപ്പ് ഡിസ്കഷൻ & ഇന്റർവ്യൂ

വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന എം.ബി.എ (2019) അഡ്മിഷന്റെ ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും 27, 29, 30 തീയതികളിൽ പാളയം എസ്.ഡി.ഇ യിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ www.ideku.net എന്ന വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

2019 മേയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (റെഗുലർ, സപ്ലിമെന്ററി, മേഴ്സിചാൻസ് / 2011 അഡ്മിഷൻ) പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുളള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ആഗസ്റ്റ് 26 മുതൽ 30 വരെയുളള പ്രവൃത്തി ദിനങ്ങളിൽ റീ – വാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ X)ഹാജരാകേണ്ടതാണ്.

## പരീക്ഷാഫലം

2019 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. 2019 ഏപ്രിലിൽ നടത്തിയ പാർട്ട് മൂന്ന് അവസാന വർഷ ബി.കോം ആന്വൽ സ്കീം പ്രൈവറ്റ്, എസ്.ഡി.ഇ വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പ്രസ്തുത വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ 2019 സപ്ലിമെന്ററി പരീക്ഷയ്ക്ക് ഫീസടയ്ക്കാനുളള അവസാന തീയതി ആഗസ്റ്റ് 7 ന് അവസാനിച്ചു. ഒന്നാം വർഷ വിഷയങ്ങൾ സപ്ലിമെന്ററി പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ തടഞ്ഞുവെച്ചിരുന്ന ഫലം പ്രസിദ്ധീകരിച്ചു. പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ 2019 സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 2 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 5 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 7 വരെയും ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ വഴി നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി കെമിസ്ട്രി, മെഡിസിനൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, ബയോകെമിസ്ട്രി പരീക്ഷാഫലം വെബ്സൈറ്റിൽ.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2019<br>എസ്.സി/എസ്.ടി, കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുളള എയ്ഡഡ് കോളേജായ എം.എസ്.എം കോളേജ്, കായംകുളം – എം.എ. മലയാളം കോഴ്സിന്റെ ഒഴിവുളള എസ്.സി/എസ്.ടി, കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് 26.08.2019 – ന് കായംകുളം എം.എസ്.എം കോളേജിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 26.08.2019 – ന് രാവിലെ 11 മണി വരെ ഹാജരാകുന്നവരിൽ നിന്നും റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തുന്നതാണ്. വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റ്, ഫീസ്, നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ഉളളവർ അതിന്റെ ഏറ്റവും പുതിയ പ്രിന്റൗട്ട്, ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവ കൊണ്ടു വരേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല.

നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്തവർ അഡ്മിഷന് വരുമ്പോൾ (https://admissions.keralauniversity.ac.in/pg2019/) എന്ന വെബ്സൈറ്റിലെ മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷൻ പൂർത്തിയാക്കി ഓൺലൈൻ പ്രിന്റൗട്ട് കൊണ്ടുവരേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (ജനറൽ/ എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് 1040/- രൂപയും എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്ക് 310/- രൂപയും) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുളള വിദ്യാർത്ഥികൾ ഈ തുക വീണ്ടും ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

**<u>പ്രത്യേക കുറിപ്പ്</u>**: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

**തിരുവനന്തപുരം.**
**24.08.2019**

**പബ്ലിക് റിലേഷൻസ് ഓഫീസർ**


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**